LIBRARY ARCHIVES Kerala Legislative Assembly

രജിസ്ട്രേഷൻ വകുപ്പിലെ സ്പെഷ്യൽ റൂൾസ് പരിഷ്കരണം

275(5434) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിലെ സ്പെഷ്യൽ റൂൾസ് പരിഷ്കരിക്കുന്നതിന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സമർപ്പിച്ച പ്രൊപ്പോസലിന് നിയമവകുപ്പിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

ഇല്ല.

(ബി) പ്രസ്തുത ഫയൽ ഇപ്പോൾ ഏത് വകുപ്പിലാണുള്ളത്?

നികുതി (ഇ) വകുപ്പിൽ.

(സി) പ്രസ്തുത പ്രൊപ്പോസലിൽ തീരുമാനമെടുക്കുന്നതിൽ നിലവിൽ നിയമതടസ്സം ഉണ്ടോയെന്ന് വിശദമാക്കാമോ?

ഇല്ല.

(ഡി) പരിഷ്കരിച്ച സ്പെഷ്യൽ റൂൾസ് എപ്പോൾ പ്രസിദ്ധീകരിക്കാൻ കഴിയും?

പരിഷ്കരിച്ച സ്പെഷ്യൽ റൂൾസ് പ്രസിദ്ധീകരിക്കുന്നതിന് ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പിന്റെ 19-7-2010-ലെ 11884/R1/07/P&ARD നമ്പർ സർക്കുലർ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ആധാർ അധിഷ്ഠിത ബയോമെട്രിക് വെരിഫിക്കേഷൻ

276(5435) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആൾമാറാട്ടം, വ്യാജ ആധാരം എന്നിവ തടയുന്നതിനായി പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ ആധാർ അധിഷ്ഠിത ബയോമെട്രിക് വെരിഫിക്കേഷൻ സംസ്ഥാനത്ത് നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉണ്ട്.

(ബി) ഇക്കാര്യത്തിൽ രജിസ്ട്രേഷൻ ചട്ടങ്ങളിൽ ഭേദഗതി ആവശ്യമാണോ; വ്യക്തമാക്കാമോ?

ആധാർ അധിഷ്ഠിത ബയോമെട്രിക് വെരിഫിക്കേഷൻ നടപ്പാക്കാൻ തീരുമാനിക്കുന്ന പക്ഷം രജിസ്ട്രേഷൻ ചട്ടങ്ങളിൽ ഭേദഗതി ആവശ്യമാണ്.